# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വയലാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-2/742/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-2/742/2021 തീയ്യതി: 24/09/2021

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.പുഷ്പരാജ്.വി.കെ.അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യൂ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ.പി.കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്.വി.ബാബു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| കവിത ഷാജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീദേവി.കെ.ജി. | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ലത.എ),മേനോൻ | സെക്രട്ടറി | 16-06-2020 | 31-03-2021 |
| കൃഷ്ണപ്രിയ | കൃഷിഓഫീസർ | 01-04-2020 | 13-05-2020 |
| സിജി.എൻ.നാഥ് | കൃഷിഓഫീസർ | 14-05-2020 | 24-06-2020 |
| ആശാരാജ് ആർ.സി | കൃഷിഓഫീസർ | 25-06-2020 | 28-02-2021 |
| ഇന്ദു ബി | കൃഷിഓഫീസർ | 29-02-2020 | 31-03-2021 |
| ഡോ.ഉമാദേവി.വി.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 20-01-2021 |
| ഡോ.ശ്രീദേവി.ജി.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 21-01-2021 | 31-03-2021 |
| ഡോ.ഹേമ ട്രീസ മാത്യു | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ജയകല.പി,വി. | ഐ.സി.ഡി.എസ് | 01-04-2020 | 30-10-2020 |
| സിന്ധു ജിങ്ക ചാക്കോ | ഐ.സി.ഡി.എസ് | 12-11-2020 | 31-03-2021 |
| മായാദേവി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ജോസഫ്.റ്റി.വി. | വി.ഇ.ഓ(വയലാർ) | 01-04-2020 | 31-03-2021 |
| രശ്മി.കെ.പിള്ള | വി.ഇ.ഓ.(ഒളതല) | 01-04-2020 | 10-01-2021 |
| പ്രിറ്റി വർഗ്ഗീസ് | വി.ഇ.ഓ.(ഒളതല) | 11-01-2021 | 31-03-2021 |
| ആഷാ ബി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രാധാകൃഷ്ണക്കുറുപ്പ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ആശാലത.യു.പി | ഐ.സി.ഡി.എസ് | 01-11-2020 | 11-11-2020 |
| ഡോ.പ്രസീമോൾ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 30-11-2020 |
| ഡോ.അഞ്ജലി ബി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-12-2020 | 29-01-2021 |
| ഡോ.ജിൻസ മാത്യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 30-01-2021 | 02-02-2021 |
| ഡോ.സൂര്യമോൾ | മെഡിക്കൽ | 03-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(പി.എച്ച്.സി) | | |
| ലൈല.വി.സി | ഹെഡ്മിസ്ട്രസ് | 01-04-2020 | 16-06-2020 |
| ഹരികുമാർ | ഹെഡ്മാസ്റ്റർ | 17-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 02-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Elsamma (Audit Officer, On 24-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 27-07-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Elsamma (Audit Officer, On 24-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 01-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 29-07-2021) | 1-10 |
| 11 | രസീത് നൽകാതെ ലൈബ്രറി ഫീസ് ഈടാക്കി<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Lekha (Auditor, On 01-08-2021) | 1-11 |
| 12 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമല്ല<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-07-2021) | 1-13 |
| 14 | വസ്തു നികുതി ഒടുക്കിയ ചെക്ക് മടങ്ങി -987727/-രൂപ നഷ്ടം<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 1-15 |
| 16 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 02-08-2021) | 1-16 |
| 17 | പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-17 |

| | | |
|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതു സംബന്ധിച്ച്<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-18 |
| 19 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-19 |
| 20 | ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ  ആരംഭിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-20 |
| 21 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -വിതരണ രേഖകളിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 1-21 |
| 22 | വെള്ളക്കരം അടവ്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 01-08-2021) | 1-22 |
| 23 | സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 24-09-2021) | 1-23 |
| 24 | അധികം തുക നൽകി<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 1-24 |
| 25 | കെയ്ക്കോയ്ക്ക് അധികം നൽകിയ തുക -സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 1-25 |
| 26 | പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-26 |
| 27 | കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-27 |
| 28 | ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Elsamma (Audit Officer, On 24-08-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അധികം തുക നൽകി<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 25-08-2021) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 26-08-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

20.03.2020തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 246959820 | 239734816 |
| വാർഷികകണക്ക് പ്രകാരം | 73603264 | 69622122 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2021 | 14.06.2021 | ഇല്ല |

വാർഷിക കണക്കിലെ അപാകതകൾ

1.യൂണിയൻ ബാങ്ക്-ടോട്ടൽ സാനിറ്റേഷൻ എന്ന അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021-ലെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ ബാലൻസ് 73/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 80/-രൂപ ബാലൻസുള്ളതായി കാണുന്നു. വ്യത്യാസത്തിന്റെ കാരണം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ വിശദീകരിച്ചിട്ടില്ല.

2.പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

4.എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.(2020-21)

5.2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക, കറന്റ് കളക്ഷനുകൾ , ബാലൻസ് എന്നിവ സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17597486 |
| വരവ് | 73603264 |
| ആകെ | 91200750 |
| ചെലവ് | 69622122 |
| നീക്കിയിരിപ്പ് | 21578628 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18726000 | 18726000 | 16820820 | 1905180 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6806000 | 6806000 | 4689188 | 2116812 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 223748 | 223748 | 190000 | 33748 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1940000 | 1940000 | 1703244 | 236756 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5338452 | 5338452 | 5306082 | 32370 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 12380629 | 12380629 | 7550928 | 4829701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 6440000 | 6440000 | 1539134 | 4900866 |

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (4607074) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 14118926 | 14118926 | 16820820 | 1905180 |
| യഥാർത്ഥ തുക | 0 | 18726000 | 18726000 | 16820820 | 1905180 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (512432) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 6293568 | 6293568 | 4689188 | 1604380 |
| യഥാർത്ഥ തുക | 0 | 6806000 | 6806000 | 4689188 | 2116812 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 13,57,34,205 | 144 | 5,56,58,128 | | 43 | 78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 386235 | 1577620 | 1963855 | 1905079 | 58776 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 63101921 | 63101921 | 63101921 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 136080 | 190 |
| കർഷകതൊഴിലാളി പെൻഷൻ | 2039900 | 164 |
| വിധവാപെൻഷൻ | 9640700 | 727 |
| വാർദ്ധക്യകാലപെൻഷൻ | 32076500 | 3043 |
| വികലാംഗപെൻഷൻ | 4598400 | 321 |
| അവിവാഹിത പെൻഷൻ | 1423200 | 111 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/07/2021 തീയതിയിൽ 12.50 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 29100 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല.ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
5. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാനുവലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. ഫയലുകളിൽ പൊതുവെ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
7. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
8. ഭീമമായ തുക വാടക നൽകി പ്രവർത്തിക്കുന്ന ഗവ.ഐടിഐ, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥിരം സംവിധാനത്തിലേക്ക് മാറ്റി പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ ആവിഷ്ക്കരിച്ചിട്ടില്ല.ഓരോ വർഷവും വൻതുക തനതുഫണ്ടിൽനിന്നും ചെലവഴിക്കപ്പെടുന്നതിന് ഇത് കാരണമാകുന്നു.
9. നിലവിലുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനതുഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു.
10. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്.എന്നാൽ 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും ഫെബ്രുവരി 21 മാസത്തില് ഒരു പ്രാവശ്യം മാത്രമാണ് ക്വാറം തികയാതെ ഗ്രാമസഭ ചേർന്നിട്ടുള്ളത് . ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2021 | ജനുവരി 2021 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2018 | 2013-14 - 2017-18 | 11.07.2018 |

## 1-11 രസീത് നൽകാതെ ലൈബ്രറി ഫീസ് ഈടാക്കി

പഞ്ചായത്തിന്റെ ലൈബ്രറിയിൽ രസീത് നൽകാതെ 4/9/2019 മുതൽ 31.3.2021 വരെഅംഗത്വ ഫീസ്, മാസവരി എന്നീയിനത്തിൽ 869 രൂപ ഈടാക്കി ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുക പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമ ലക്ഷ്മിയിൽ നിന്നും വാങ്ങിയ രസീതുബുക്കുകളിൽ ബുക്ക് നമ്പർ, രസീത് നം എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് പ്രത്യേക രജിസ്റ്ററിൽ എഴുതി തുക ഈടാക്കിയത് എന്നാണ് ഇതു

സംബന്ധിച്ച ഓഡിറ്റ് എന്ക്വയറിക്ക്(നം.6/19.7.21) നൽകിയ മറുപടി തൃപ്തികരമല്ല . രസീത് നൽകാതെ പൊതുജനങ്ങളിൽ നിന്നും തുകകൾ സ്വീകരിക്കുന്നത് ഗുരുതരമായ കുറ്റമാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.പഞ്ചായത്തിലെ2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതായോ കാണുന്നില്ല.

1)ഉഴവ ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 218 ഡി

2) വയലാർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 172 ഡി

3)ഒളതല സെൻട്രൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 292ഡ

4) കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 288ഡി

5) പഞ്ചായത്തിലെ റേഷൻ ഡിപ്പോകളിലെ ജീവനക്കാർ

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21/2020-21 തീ.27.7.2021) നൽകിയതിന്റെ മറുപടി പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒടുക്കുവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ റവന്യൂ-മൊഡ്യൂൾ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം രണ്ട് മൊബൈൽ ടവറുകൾക്ക് മാത്രമാണ്( 7/440A, 11/425A ) വസ്തുനികുതി പരിഷ്കരിച്ച് അംഗീകരിച്ചിട്ടുള്ളത്.ഇവയ്ക്ക് 2019-20,20-21 വർഷങ്ങളിൽ നികുതി ഈടാക്കിയിട്ടുമുണ്ട്.

2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 പ്രകാരം 5 മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 13/22.7.202) യുടെ മറുപടി പ്രകാരം മൊബൈൽ ടവറുകളുടെ വിശദമായ വിവരങ്ങൾ പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല എന്ന് കാണുന്നു .

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ഈടാക്കുന്നത് തനതു വരുമാനം കുറവായ പഞ്ചായത്തിന് വരുമാന വർദ്ധനവിന് സഹായകരമാണ്.ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 1-14 വസ്തു നികുതി ഒടുക്കിയ ചെക്ക് മടങ്ങി -987727/-രൂപ നഷ്ടം

പഞ്ചായത്തിന്റെ തനതുവരുമാനമായ വസ്തുനികുതിയിൽ വൻ നഷ്ടമാണ് 2019-20 സാമ്പത്തിക വർഷത്തിൽ ഉണ്ടായത് . പഞ്ചായത്തിലെ വസ്തുനികുതിയിനത്തിൽ മുൻ വർഷങ്ങളിലെ ഏറ്റവും വലിയ നികുതിദാതാവായ വാസു കോകോ റിസോർട്ടിന്റെ മാനേജിംഗ് ഡയറക്ടർ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ പഞ്ചായത്തിൽ സമർപ്പിച്ച ചെക്കുകൾ കേരള സ്റ്റേറ്റ് കോ -ഓപ്പറേറ്റീവ് ബാങ്കിലെ അക്കൌണ്ടിൽ (40221009000002) നിന്നും മടങ്ങി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം / തീയതി | തുക | ചെക്ക് റിട്ടേൺ തീയതി/ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 694069/12.2.2020 | 504250 | 30.4.2020 |
| 2 | 694070/12.2.2020 | 483239 | 238/- |
| | ആകെ | 987489 | |

ഈ തുക പിന്നീട് ലഭിച്ചിട്ടുണ്ടോ എന്നതിന്റെ ഓഡിറ്റ് അന്വേഷണത്തിന്, തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും കോവിഡ് പ്രതിസന്ധി കാരണം സ്ഥാപനത്തിന് നാളിതുവരെ തുക അടയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് മറുപടി നൽകിയത്.

പഞ്ചായത്ത് ഡിമാന്റ് ചെയ്ത തുകയായ 987489/-രൂപയും ചെക്ക് റിട്ടേൺ ചാർജായ 238/- രൂപയും ഉൾപ്പെടെ ആകെ 987727 /- രൂപ ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ(പട്ടിക ക്രമ നം -132), റേഷൻ ഡിപ്പോകൾ (ക്രമ നം -149), അബ്കാരി ഷോപ്പുകൾ(ക്രമ നം -139) എന്നീ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവൃത്തിക്കേണ്ടവയാണ്. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1)ഉഴവ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 218 ഡി

2) വയലാർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 172 ഡി

3) കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 288 ഡി

4) പഞ്ചായത്തിലെ റേഷൻ ഡിപ്പോകൾ

5) അബ്കാരി ഷോപ്പുകൾ (കള്ള് ഷാപ്പ് )

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം20/20-21/27.7.21)യുടെ മറുപടി പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1),233 (എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-16 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

I) പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന്,ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം -S0019/21

അടങ്കൽ-589488/-

(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -580000/-

ബിൽ നം -10/20-21 തീ..15.10.2020---300000/-

ബിൽ നം -16/20-21 തീ.14.1.2021--- 280000/-

I) മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ ഈ പദ്ധതിയിൽ പ്രോഫോമ ഇൻവോയിസ് നം.PRF/673 Dt.26.5.20 പ്രകാരം 300000/-രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. നാളിതുവരെ 165753/- മരുന്നുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 134247/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

Ii) പ്രോഫോമ ഇൻവോയിസ് നം PRF 2996 Dt 15.10.2020 ന് 280000/-രൂപ 14.1.2021 ൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയതിൽ 147844/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളു. 132156/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

ആകെ 266403/-(134247+132156)രൂപയുള്ള മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് ഇതു സംബന്ധിച്ച് എൻക്വയറി (നം .7/20-21 തീ.19.7.21) നൽകിയതിന് മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ 266403/- രൂപയുടെ മരുന്ന് ലഭ്യമാകുന്നതു വരെ തുക തടസ്സപ്പെടുത്തുന്നു.

2)ഗൃഹകേന്ദ്രീകൃത പരിചരണം

പ്രോജക്ട് നം -S0018/21

അടങ്കൽ-500000/-

ബിൽ നം -11/20-21 തീ.15.10.2020- 60000/-(വികസന ഫണ്ട് )

ബിൽ നം -23/20-21 തീ.29.3.2021 -75654/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

I) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോമ ഇൻവോയിസ് നം PRF-1820 Dt 11.8.2020 പ്രകാരം 60000/- രൂപ നൽകിയതിൽ 5124/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ.54876/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

Ii) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോമ ഇൻവോയിസ് നം PRF-5829 Dt 1.3.2021 പ്രകാരം 75654/- രൂപ നൽകിയതിന് നാളിതുവരെ മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല.ഇതു സംബന്ധിച്ച്ഓഡിറ്റ് എൻക്വയറി (നം .7/20-21 തീ.19.7.21) നൽകിയതിന് മറുപടി നൽകിയിരിക്കുന്നതു പ്രകാരം ആകെ 130530/-(54876+75654) രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത് .ആയതിനാൽ 130530/- രൂപയുടെ മരുന്ന് ലഭ്യമാകുന്നതു വരെ തുക തടസ്സപ്പെടുത്തുന്നു

## 1-17 പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-2021 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | അടങ്കൽ | ചെലവു തുക | ബിൽ / വൗച്ചർനം. / തീയതി |
|---|---|---|---|---|
| 1 | 16-ാം വാർഡിൽ പോസ്റ്റ് മാറ്റൽ | 15,315/- തനത്ഫണ്ട് | 15,315- | 22001319/31.3.21 |
| 2 | 13-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 1,36,510/- വികസനഫണ്ട് | 1,36,510/- | 32/20-21/15.2.21 |
| 3 | ജൽജീവൻ പദ്ധതി | 6,00,000/- | 6,00,000/- | 31/20-21/15.2.21 |
| | ആകെ | | 7,51,825/- | |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/26.7.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതു സംബന്ധിച്ച്

2020-2021 വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്കായി താഴെപറയും പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും

ഇകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം |
|---|---|---|---|
| 1 | ഐ.കെ.എം – വിഹിതം നൽകൽ (പ്രോ.നം 3/21) | 83,000/- | 9/27.7.20 |
| 2 | തുറവൂർ ഡയാലിസിസ് യൂണിറ്റിനു തുക നൽകൽ (പ്രോ.നം 8/21) | 1,20,000 | 11/24.8.19<br>35/25.1.20<br>34/25.1.20 |
| 3 | എ.ബി.സി.പ്രോഗ്രാമിനു ജില്ലാപഞ്ചായത്തുവിഹിതം നൽകൽ(പ്രോ.നം15/21 | 21,100 | 21/20-21/11.11.20 |
| 4 | എ.ബി.സി.പ്രോഗ്രാമിനു ജില്ലാപഞ്ചായത്തുവിഹിതം നൽകൽ(പ്രോ.നം133/21) | 1,64,830 | 8/9.8.20 |
| | ആകെ | 388930 | |

ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക്(നം.15/26.7.21) മറുപടി ലഭിക്കാത്തതിനാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S0022/21

അടങ്കൽ - 625000/-രൂപ ( വികസന ഫണ്ട്)

ഗുണഭോക്തൃവിഹിതം - 625000/-

മൊത്തം അടങ്കൽ തുക – 1250000/-

ചെലവ് - 625000/-

ബിൽ നം - 3/20 -21തീയതി - 29/1/21 തുക – 325000/-

ബിൽ നം - 2/20 -21തീയതി - 29/1/21 തുക - 300000/-

2020-21 വർഷം വെറ്റിനറിസർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം 625000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസി.ഡയറക്ടർക്ക് പേർക്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ 50 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് തുക ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിപ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല പ്രസ്തുത വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 1/14.07.21) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണം നടത്തി ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക ,തീയതി |
|---|---|---|
| 1 | ലളിത പുവൽ നികർത്ത്<br>പ്രൊജക്റ്റ് നം 146/20 | 40,000 /-<br>ചെക്ക് നം - 138837/1.07.20 |
| 2 | വിജയമ്മ പുത്തൻചിറയിൽ<br>പ്രൊജക്റ്റ് നം 144/21 | 40,000 /-<br>ചെക്ക് നം - 138836/1.06.20 |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം ( 13/25.07.21)ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുകയുണ്ടായി. ആയതിനാൽ മേൽ വ്യക്തികളെക്കൊണ്ട് വീട് നിർമ്മാണം

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതുവരെ ചെലവുതുക 80,000 /-തടസ്സപ്പെടുത്തുന്നു

## 1-21 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -വിതരണ രേഖകളിലെ അപാകതകൾ

കൃഷിക്ക് പ്രാധാന്യം നൽകികൊണ്ട് കൃഷിയുമായി ബന്ധപ്പെട്ട ധാരാളം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. 20-21 വർഷം വികസനഫണ്ടിൽ നിന്നും 1793241/-രൂപ കൃഷിക്കായി ചെലവഴിച്ചിട്ടുണ്ട്. ഭക്ഷ്യവിളകളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.പദ്ധതിക്കായി വാങ്ങിയ വിത്തുകളും വളങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടുണ്ട്. എന്നാൽ വിതരണ രേഖകളിൽ അപാകതകൾ കാണുകയുണ്ടായി. വാങ്ങിയവ വിതരണം ചെയ്യാതെയും വാങ്ങാത്തവ വിതരണം ചെയ്തതായും രേഖപ്പെടുത്തുകയുണ്ടായി. ഉദാഹരണമായി വാഴവിത്ത് വിതരണ പദ്ധതിക്കായി എല്ലുപൊടി വാങ്ങിയിട്ടില്ല, എന്നാൽ വിതരണ രജിസ്റ്ററിൽ ഈ പദധതിക്കായി വാങ്ങിയ ഓർഗാനിക്ക് കമ്പോസ്റ്റിനോടൊപ്പം എല്ലുപൊടിയും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സുഭിക്ഷകേരളം ഇടവിളകൃഷി വ്യാപനം പദ്ധതി പ്രകാരം വയലാർ വാർഷിക കർമ്മസേന യിൽ നിന്നും 100 യൂണിറ്റ് ചാണകം ഒരു യൂണിറ്റിന് 20/-(ഒരു യൂണിറ്റ് 12.25 Kg) രൂപ പ്രകാരം വാങ്ങിയിരുന്നു. വാങ്ങിയ ഗോബർ വളം സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.4/19.07.21) കൊറോണ കാലയളവ് ആയതിനാലും നടപ്പാക്കപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട് വിതരണത്തിന്റെ തിരക്കുകൾ ഉണ്ടായതിനാലും ക്ലറിക്കൽ മിസ്റ്റേക്ക് സംഭവിച്ചതിനാലാണ് ഇത്തരം പിഴവുകൾ കടന്നുകൂടിയതെന്നായിരുന്നു മറുപടി ലഭ്യമാക്കിയത്. ഇത്തരം അപാകകതൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിതരണ പ്രക്രിയയിലെ സുതാര്യത ഉറപ്പാക്കുന്നതിലേക്കായി സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-22 വെള്ളക്കരം അടവ്

2020-21സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 283 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,23,813/- രൂപ (283@5250/12) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ. (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയത് 23.05.2012-ലാണ്. പിന്നീട് നടന്ന സംയുക്ത പരിശോധനാവിവരം ആരാഞ്ഞു നൽകിയ എൻക്വയറിക്ക്(നം.19/27.7.21) മറുപടി ലഭ്യമാക്കിയില്ല. ഗാർഹിക കണക്ഷനുകൾക്കായി ഗ്രാമ പഞ്ചായത്ത് നേരിട്ടും നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി മുഖേനയും ധാരാളം പ്രോജക്ടുകൾ ഓരോ വർഷവും നടപ്പാക്കുന്നുണ്ട്. എന്നാൽ വെള്ളക്കരമിനത്തിൽ കുറവുണ്ടായിട്ടില്ല. സംയുക്തപരിശോധന നടത്തി കുടിവെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഏതെങ്കിലും കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ്‌വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ ക്യാൻസൽ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സോഫ്റ്റ്‌വെയർ സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ അർഹത ഇല്ലാതായ തീയതി മുതൽ സസ്പെന്റ് ചെയ്യുന്നത് വരെയുള്ള ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. ഇത് അനർഹമായ പെൻഷൻ വിതരണത്തിന് കാരണമാകുന്നു.

വയലാർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിതരണം ചെയ്ത തുക |
| 1 | മങ്ക | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10430201419 | 20.11.20 | 12/20 മുതൽ 6/21 വരെ | 4200 |
| 2 | വസുമതി | ഇന്ദിരാഗാന്ധി ദേശീയ ഡിസ് എബിലിറ്റി പെൻഷൻ | 104320400310 | 5/11/20 | 12/20 മുതൽ 6/21 വരെ | 10500 |
| 3 | ഭാസ്കരൻ | കർഷക തൊഴിലാളി പെൻഷൻ | 104320100129 | 4/11/20 | 12/20 മുതൽ 6/21 വരെ | 10700 |
| 4 | ദാമോദരൻ | കർഷക തൊഴിലാളി പെൻഷൻ | 104320100034 | 31/10/20 | 11/20 മുതൽ 6/21 വരെ | 12000 |
| 5 | ശിവദാസൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104320200541 | 10/10/20 | 11/20 മുതൽ 6/21 വരെ | 12300 |
| 6 | ചാക്കോ ജോസഫ് 8 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104320202715 | 22/09/20 | 10/20 മുതൽ 6/21 വരെ | 13800 |
| | ആകെ | | | | | 63500 /- |

അനർഹമായ തുക പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. 20-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരിൽത്തന്നെ ഏതാനും പേരുടെ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഓഡിറ്റ് വേളയിൽ പഞ്ചായത്തിൽ നിന്ന് ഓഡിറ്റിൽ ലഭ്യമാക്കിയ മരണ റിപ്പോർട്ടും സേവന സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളും ഒത്തുനോക്കി പരിശോധിച്ച് ലഭിച്ച വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 63500/- രൂപ സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കിയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 3/14.07.21)തുക സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഈ കാലയളവിൽ മരണപ്പെട്ടവരുടെ പെൻഷൻ അക്കൌണ്ടുകൾ സാങ്കേതിക കാരണങ്ങളാൽ സസ്പെന്റ് ചെയ്യാൻ നിലവിൽ സാധിക്കാത്തതിനാൽ അടുത്തമാസം സസ്പെന്റ് ചെയ്യുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഓഡിറ്റ് വർഷം മരണപ്പെട്ടിട്ടുള്ളതും പെൻഷൻ സസ്പെന്റ് ചെയ്യാതെയുള്ള എല്ലാ ഗുണഭോക്താക്കളുടെയും ഫയൽ തയ്യാറാക്കി അക്കൌണ്ട് സസ്പെന്റ് ചെയ്യേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തുക തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അധികം തുക നൽകി

പ്രോജക്ട് നം -142/20-21 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ

വികസനഫണ്ട് (SCP) - 3,23,000/- നി.ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

ചെലവ് - 3,22,000/-

77000/- 6/20-21/23.7.20

7000/- 7/20-21/19.8.20

7000/--9/20-21/15.9.20
14000/-13/9.10.20
21000/-19/20-21/16.10.20
56000/-26/20-21/16.11.20
35000/- -29/20-21/5.12.20
21000/- 30/20-21/5.12.20
7000/- -32/20-21/30.12.20
21000/- -36/20-21/29.1.21
49000/- -21/20-21/30.2.21
7000/- -42/4.3.21

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകുന്നതിനായി 3,22,000/- രൂപ 46 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് എസ്റ്റിമേററ് പ്രകാരമുള്ള തുകയെക്കാൾ അധികം തുക നൽകി.

| ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവായ തുക | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | അധികം നൽകിയ തുക |
|---|---|---|---|
| തിലകമ്മ,കോലോത്തുചിറ | 6,500 | 7,000 | 500 |
| ലീല(W/Oബാബു)അനീഷ്ഭവനം | 6,208 | 7,000 | 792 |
| അമ്മിണി,പുതുവൽനികർത്ത് | 5,678 | 7,000 | 1,322 |
| പ്രഭാകരൻ,പുതുവൽ നികർത്ത് | 6,500 | 7,000 | 500 |
| വിജയൻ,കുട്ടോത്തുവെളി | 6,500 | 7,000 | 500 |
| കാളിന്ദി,ചിറയിൽ | 6,500 | 7,000 | 500 |
| സുമേഷ്(ശരത്ത്&ധന്യ)പുത്തൻതറ | 6,500 | 7,000 | 500 |
| ആകെ | | | 4,614 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.7.21) മറുപടി ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

## 1-25 കെയ്ക്കോയ്ക്ക് അധികം നൽകിയ തുക -സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല

പ്രോജക്ട് നം - S0022/21
അടങ്കൽ - 346860/-രൂപ (വികസന ഫണ്ട്)
തനത്ഫണ്ട് - 57954 /-
ബിൽ നം - 13/20 -21 തീയതി - 26.02.21 തുക – 100000 /-
ബിൽ നം - 11/20 -21തീയതി - 26.02.21 തുക – 18375 /-
ബിൽ നം - 14/20 -21തീയതി - 26.02.21 തുക – 82125 /-
ചെലവ് തുക – 200500 /-

2020-21 വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ സുഭിക്ഷകേരളം ഇടവിളകൃഷി വ്യാപനം പദ്ധതി പ്രകാരം ട്യൂബർ കിറ്റ് വാങ്ങുന്നതിനായി 200000 - രൂപ കെയ്ക്കോയ്ക്ക് നൽകുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 100000/- രൂപയുടെ ട്യൂബർ കിറ്റുകളാണ് ലഭ്യമായിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കെയ്ക്കോയ്ക്ക് അധികമായി നൽകിയ 100000/ - രൂപ കെയ്ക്കോ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. (ചെക്ക് നം. 2321475.3.21) എന്നാൽ ഈ തുക തിരികെ സർക്കാർ ഫണ്ടിലേക്ക് നാളിതുവരെ ഒടുക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/19.07.21) ലഭ്യമാക്കിയ മറുപടിയിൽ അബദ്ധത്തിൽ കെയ്ക്കോയ്ക്ക് 1 ലക്ഷം രൂപ അധികം നൽകിയതാണെന്നും കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. ആകയാൽ കെയ്ക്കോ ഒടുക്കിയിട്ടും നിലവിൽ തനത്ഫണ്ടിൽ നിലനിർത്തിയിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 1-26 പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ

2019-2020, 2020-2021 എന്നീ വർഷങ്ങളിലെ പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 2,00,000/-,രൂപ വീതം വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ യഥാക്രമം 78,795/-, 96,974/-രൂപയാണ് തൻവർഷങ്ങളിൽ ചെലവുള്ളത്.

സ.ഉ(എം.എസ്)നം.11/18/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം പദ്ധതി രൂപീകരണത്തിനായി വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും (പരമാവധി 2%) നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി 1.5 ലക്ഷം രൂപയും (പരമാവധി 1%) ചെലവഴിക്കാവുന്നതാണ്. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി വികസന ഫണ്ട് ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇക്കാര്യത്തിനായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം.18/27.7.21) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-27 കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. വയലാർ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 9821/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 56/2021 |
| പ്രോജക്ടിന്റെ പേര് | : | എസ്.സി.ബി895 മഞ്ചാടിത്തറ റോഡ് റീ-ടാറിംഗ് വാർഡ്-9 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ഉണ്ണികൃഷ്ണൻ |
| എഗ്രീഡ് പി.എ.സി | : | 573681/- രൂപ |
| ചെലവ് | | 308752/- രൂപ (പാർട്ട് ബിൽ)<br>(ട്രഷറി ബിൽ നം.48/31.03.2021-71348/-)<br>(ട്രഷറി ബിൽ നം.49/31.03.2021-237404) |
| സെലക്ഷൻ നോട്ടീസ് നം./തീ | | നം.AELSGD/VLR /2019 തീ.23.09.2020 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | 23.09.2020 |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 05.10.2020 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 08.10.2020 (16/AE/LSGD/VLR/2020-21 തീ.08.10.2020) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 537681x1% =5377/- രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 55/2021 |
| പ്രോജക്ടിന്റെ പേര് | : | പൂജപ്പറമ്പ് പണിക്കവീട്ടിൽ റോഡ് റീ-ടാറിംഗ് വാർഡ്-8 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.നാരായണൻ |
| എഗ്രീഡ് പി.എ.സി | : | 444442.77/- രൂപ |

| | | |
|---|---|---|
| ചെലവ് | | 497776/- രൂപ (ട്രഷറി ബിൽ നം.30/04.03.2021) |
| സെലക്ഷൻ നോട്ടീസ് നം./തീ | | AELSGD/VLR/2019 തീ.23.09.2020 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | 23.09.2020 |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 05.10.2020 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 08.10.2020 (14/AE/LSGD/VLR/2020-21 തീ.08.10.2020) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 444442.77x1% =4444/- രൂപ |

കരാറുകാരിൽ നിന്നും ഫൈൻ തുക ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25 തീ28.07.2021) നല്കിയ മറുപടിയിൽ എൻക്വയറിയിലെ ക്രമ നമ്പർ 3,4,5,6,7 വർക്കുകളുടെ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് സമയം ദീർഘിപ്പിച്ച് നല്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയെങ്കിലും മേൽ വർക്കുകൾ സംബന്ധിച്ച മറുപടികളൊന്നും തന്നെ ഉൾപ്പെടുത്തിയിരുന്നില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക (9821) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല

വയലാർ ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ .പ്രോജക്ട് നം S00 7/21

അടങ്കൽ-200000/-

(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -200000/-

ബിൽ നം -4/20-21 തീ.8.1.2021

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പ്രോഫോമ ഇൻവോയിസ് നം PF 425 Dt 31.10.2020 പ്രകാരം 8.1.2021 ൽ200000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല എന്നും മരുന്ന് കിട്ടുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-21 തീ.19.7.21) മറുപടി നൽകിയിരിക്കുന്നത്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 തൊഴിലുറപ്പ് പദ്ധതി- അവലോകനം

വയലാർ ഗ്രാമ പഞ്ചായത്തിലെ 2020-21സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 96 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4729 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2539 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2539 |
| ആകെ തൊഴിൽ ദിനങ്ങൾ | 196002 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 1020 |

2.ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 150 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 278 |
| തൻവർഷം പൂർത്തിയാക്കിയത് | 150 |

| | |
|---|---|
| സ്പിൽ ഓവറായി നടപ്പാക്കിയത് | 0 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 128 |

III) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഡ്രോട്ട് പ്രൂഫിംഗ് | 50 | 23786000 |
| 2 | വ്യക്തിഗത ഇനങ്ങൾ | 45 | 14314000 |
| 3 | ഭൂവികസനം | 43 | 20712000 |
| 4 | റൂറൽ കണക്ടിവിറ്റി | 11 | 4170000 |
| 5 | റൂറൽ സാനിറ്റേഷൻ | 1 | 462000 |
| | ആകെ | 150 | 63444000 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അധികം തുക നൽകി

പ്രോജക്ട് നം -142/20-21 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ

വികസനഫണ്ട് (SCP) - 3,23,000/- നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി.

ചെലവ് - 3,22,000/-

77000/- 6/20-21/23.7.20

7000/- 7/20-21/19.8.20

7000/--9/20-21/15.9.20

14000/-13/9.10.20

21000/-19/20-21/16.10.20

56000/-26/20-21/16.11.20

35000/- -29/20-21/5.12.20

21000/- 30/20-21/5.12.20

7000/- -32/20-21/30.12.20

21000/- -36/20-21/29.1.21

49000/- -21/20-21/30.2.21

7000/- -42/4.3.21

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകുന്നതിനായി 3,22,000/- രൂപ 46 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയെക്കാൾ അധികം തുക നൽകി.

| ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവായ തുക | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | അധികം നൽകിയ തുക |
|---|---|---|---|
| തിലകമ്മ,കോലോത്തുചിറ | 6,500 | 7,000 | 500 |
| ലീല(W/Oബാബു)അനീഷ്ഭവനം | 6,208 | 7,000 | 792 |
| അമ്മിണി,പുതുവൽനികർത്ത് | 5,678 | 7,000 | 1,322 |

| | | | |
|---|---|---|---|
| പ്രഭാകരൻ,പുതുവൽ നികർത്ത് | 6,500 | 7,000 | 500 |
| വിജയൻ,കുട്ടോത്തുവെളി | 6,500 | 7,000 | 500 |
| കാളിന്ദി,ചിറയിൽ | 6,500 | 7,000 | 500 |
| സുമേഷ്(ശരത്ത്&ധന്യ)പുത്തൻതറ | 6,500 | 7,000 | 500 |
| ആകെ | | | 4,614 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 89734 | പാലിയേറ്റീവ് കെയർ | 89734 | 0 |
| | 2019-20 | 440000 | ലൈഫ് മിഷൻ | 440000 | 0 |
| | 2020-21 | 100000 | പോഷകാഹാരം | 100000 | 0 |
| | 2020-21 | 250000 | സ്കോളർഷിപ്പ് | 250000 | 0 |
| | 2019-20 | 32104 | ലൈഫ് മിഷൻ (SC) | 32104 | 0 |
| | 2019-20 | 300000 | പുത്തൻതോട് | 300000 | 0 |
| | 2020-21 | 150000 | ആശ്രയ | 150000 | 0 |
| | 2020-21 | 60000 | അഗതി | 60000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 200000 | ലൈഫ് മിഷൻ | 200000 | 0 |
| | 2020-21 | 100000 | പോഷകാഹാരം | 100000 | 0 |
| | 2020-21 | 250000 | സ്കോളർഷിപ്പ് | 250000 | 0 |
| | 2020-21 | 100000 | അഗതി | 100000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ത്രീ ഫേസ് ലൈൻ എക്സ്റ്റൻഷൻ | 22001205 05.02.2021 | 136510 | 0 | 136510 |

| | | | | | | |
|---|---|---|---|---|---|---|
| | KSEB | കളത്തിൽ തൃക്കയിൽ റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 16 | 22001319 31.03.2021 | 15315 | 15315 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4860000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | സ.ഉ.(സാധാ.) നം.43/20/ ഫിൻ/1.1.21 | 4860000 | 42134220 | 3980706 | | 43013514 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73603264 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69622122 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,614 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,42,688 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 4,614 | പി.രാധാകൃഷ്ണകുറുപ്പ്, അസി.സെക്രട്ടറി |
| | ആകെ | 4,614 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(1) | 1,34,247<br>1,32,156 | ഡോ.പ്രസിമോൾ.എൻ.മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.<br>ഡോ.അഞ്ജലി.ബി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-16(2) | 54,876<br>75,654 | ഡോ.പ്രസിമോൾ,മെഡിക്കൽ ഓഫീസർ)പി.എച്ച്.സി.)<br>ഡോ.സൂര്യമോൾ പങ്കജാക്ഷൻ, മെഡിക്കൽ ഓഫീസർ)പി.എച്ച്.സി.) |
| 1-17 | 7,51,825 | ലത.എ.മേനോൻ, സെക്രട്ടറി |
| 1-18 | 3,88,930 | ലത.എ.മേനോൻ, സെക്രട്ടറി |
| 1-19 | 6,25,000 | ഡോ.ഹേമ ട്രീസ മാത്യു. വെറ്ററിനറി സർജൻ |
| 1-20 | 40,000<br>40,000 | ജോസഫ്.റ്റ്.വി.,വി.ഇ.ഓ.വയലാർ)<br>രശ്മി.കെ.പിള്ള, വി.ഇ.ഓ.(ഒളതല) |
| 1-25 | 1,00,000 | ലത.എ. മേനോൻ,സെക്രട്ടറി |
| 1-28 | 2,00,000 | ഡോ.ഉമാദേവി.വി.എൻ.മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| | 25,42,688 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

# ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ലത.എ.മേനോൻ, സെക്രട്ടറി | സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത് | ലത നിവാസ്,<br>പട്ടണക്കാട് പി ഒ, ചേർത്തല |
| പി.രാധാകൃഷ്ണക്കുറുപ്പ്,അസി.സെക്രട്ടറി | റിട്ടയേർഡ് | ചന്ദ്രംപറമ്പിൽ, കണിച്ചുകുളങ്ങര പി ഒ, ചേർത്തല |
| ഡോ.ഉമാദേവി.വി.എൻ.മെഡിക്കൽ ഓഫീസർ(ഹോമിയോ) | ആർ.എം.ഒ., ജില്ലാ ഹോമിയോ ആശുപത്രി, ആലപ്പുഴ | കാട്ടുങ്കൽ ഹൌസ്, വട്ടയാൽ, തിരുവമ്പാടി.പി.ഒ., ആലപ്പുഴ |
| ഡോ.സൂര്യമോൾ പങ്കജാക്ഷൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | അസിസ്റ്റൻറ് സർജ്ജൻ, പി എച്ച് സി, വയലാർ | ചിറേവെളി, ഉറവൂർ പി ഒ, ചേർത്തല |
| ഡോ.അഞ്ജലി.ബി,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | അസിസ്റ്റൻറ് സർജ്ജൻ,<br>പി എച്ച്.സി., വയലാർ | കുമരച്ചംപറമ്പിൽ, കടക്കരപ്പള്ളി,<br>തൈക്കൽ പി ഒ, ചേർത്തല 688530 |
| ഡോ.ഹേമ ട്രീസ മാത്യു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജ്ജൻ, മൃഗാശുപത്രി, വയലാർ ഗ്രാമപഞ്ചായത്ത് | ചാവടിയിൽ, കൊമ്മാടി പി ഒ, ആലപ്പുഴ |
| ഡോ.പ്രസിമോൾ,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | ജൂനിയർ കൺസൾട്ടൻറ്, താലൂക്ക് ആശുപത്രി, വൈക്കം | പുന്നക്കൽ പറമ്പിൽ,<br>തൈക്കൽ പി ഒ, ചേർത്തല |
| ജോസഫ്.റ്റ്.വി.,വി.ഇ.ഓ.(വയലാർ) | വി.ഇ.ഒ., വയലാർ സർക്കിൾ, വയലാർ ഗ്രാമപഞ്ചായത്ത് | തയ്യിൽ ഹൌസ്,<br>അർത്തുങ്കൽ പി ഒ, ചേർത്തല |
| രശ്മി.കെ.പിള്ള.വി.ഇ.ഓ.(ഒളതല) | വി.ഇ.ഒ., അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണനിലയം പുന്നക്കാട്ടിൽ, ആശ്രമം റോഡ്, കാലടി, എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2001-02 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/2014/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-399/2020/11.6.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്